I ഇ.ബി. XII - കേരള നിയമസഭ/XVI-4

# പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

## നിയമസഭാ നടപടികൾ-സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2010 ഡിസംബർ 27, തിങ്കൾ

നിയമസഭ രാവിലെ **9.00** മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**ചരമോപചാരം**

മുൻ മുഖ്യമന്ത്രി കെ. കരുണാകരന്റെ നിര്യാണം സംബന്ധിച്ച്

മി. സ്പീക്കർ : സ്വാതന്ത്ര്യസമരസേനാനിയും ഏഴ് പതിറ്റാണ്ടുകാലം സംസ്ഥാന-ദേശീയ രാഷ്ട്രീയത്തിൽ നിറസാന്നിദ്ധ്യവുമായിരുന്ന മുൻ മുഖ്യ മന്ത്രി കെ. കരുണാകരൻ 2010 ഡിസംബർ 23-ന് അന്തരിച്ചു. അദ്ദേഹത്തിന്റെ നിര്യാണം ഏവർക്കും ദു:ഖം ഉളവാക്കുന്നതാണ്. കണ്ണൂർ ജില്ലയിലെ ചിറയ്ക്കൽ തെക്കേടത്ത് രാവുണ്ണി മാരാരുടേയും കല്യാണി അമ്മയുടേയും മകനായി 1918 ജൂലായ് 5-ന് ജനിച്ച അദ്ദേഹം സ്കൂൾ വിദ്യാഭ്യാസത്തിനിടെ ചിത്രകലാപഠനത്തിനായി തൃശൂരിലെത്തുകയും 19-ാം വയസ്സിൽ കോൺഗ്രസ് അംഗമാവുകയും ചെയ്തു. തുടർന്ന് മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ നടന്ന വിവിധ സ്വാതന്ത്ര്യസമര പോരാട്ടങ്ങളിൽ പങ്കാളി യായി. 1942-ൽ ക്വിറ്റ് ഇന്ത്യാ സമരത്തിൽ പങ്കെടുത്ത് 9 മാസം ജയിൽവാസ മനുഭവിച്ചു. ജീവിതാനുഭവംകൊണ്ടും പ്രായോഗികബുദ്ധികൊണ്ടും നേടിയ

രാഷ്ട്രീയതന്ത്രജ്ഞതയും നേതൃപാടവവും അദ്ദേഹത്തെ 'ലീഡറാ'ക്കി മാറ്റി. പ്രതിസന്ധികളെ ധീരമായി നേരിട്ടുകൊണ്ട് മുന്നോട്ടുള്ള പ്രയാണത്തിന് ഊർജ്ജം സംഭരിക്കുന്നതിനും അനുകൂലമായ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും അസാമാന്യമായ ഇച്ഛാശക്തിയാണ് അദ്ദേഹം പ്രകടിപ്പിച്ചിട്ടുള്ളത്. 1937-ൽ തൃശൂർ ടൗൺ കോൺഗ്രസ് കമ്മിറ്റി സെക്രട്ടറിയായ അദ്ദേഹം 1940-ൽ കെ.പി.സി.സി. അംഗമായും തുടർന്ന് ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ പ്രവർത്തകസമിതിയിലെ തലമുതിർന്ന അംഗവുമായിത്തീർന്നു. അദ്ദേഹത്തിന്റെ രാഷ്ട്രീയപ്രവർത്തനത്തിന്റെ മുക്കാൽ പങ്കും നേതൃത്വപരമായ പാർലമെന്ററി പ്രവർത്തനത്തിൽ ഊന്നിക്കൊണ്ടുള്ളതായിരുന്നു. തൃശൂർ നഗരസഭാ കൗൺസിലിലേയ്ക്ക് 1945-ൽ ആദ്യമായി തെരഞ്ഞെടുക്കപ്പെട്ട കരുണാകരൻ 1948-ൽ ഒല്ലൂക്കര മണ്ഡലത്തിൽനിന്നും കൊച്ചി നിയമസഭയിലേയ്ക്കും തുടർന്ന് 1949, 1952, 1954 വർഷങ്ങളിൽ തിരു-കൊച്ചി നിയമസഭയിലേയ്ക്കും തെരഞ്ഞെടുക്കപ്പെട്ടു. ഐക്യകേരളത്തിലെ ആദ്യനിയമസഭാ തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ട അദ്ദേഹം 1967 മുതൽ 1991 വരെ തുടർച്ചയായി ഏഴുതവണ മാള നിയമസഭാമണ്ഡലത്തിൽനിന്നും കേരള നിയമസഭയിലെത്തി. കൊച്ചി, തിരു-കൊച്ചി, കേരള നിയമസഭ, പാർലമെന്റിന്റെ ഇരുസഭകൾ എന്നിവിടങ്ങളിൽ അംഗമായ ഏക വ്യക്തി എന്ന ബഹുമതിക്ക് കരുണാകരൻ ഉടമയാണ്. 1971–77-ൽ സി.അച്യുതമേനോൻ മന്ത്രിസഭയിൽ ആഭ്യന്തരമന്ത്രിയായിരുന്നു. 1977-ൽ ആദ്യമായി മുഖ്യമന്ത്രിയായ അദ്ദേഹം 1981-ലും 1982-ലും 1991-ലും മുഖ്യ

മന്ത്രിയായിരുന്നു. ഏറ്റവും കൂടുതൽ തവണ കേരള മുഖ്യമന്ത്രിയായിരുന്ന അദ്ദേഹം 1967–69, 1980–81, 1987–91 കാലയളവുകളിൽ നിയമസഭയിലെ പ്രതിപക്ഷ നേതാവുമായിരുന്നു. 1995–97, 1997–98, 2004–05 കാലയളവിൽ രാജ്യസഭാംഗമായിരുന്ന അദ്ദേഹം 1995-ൽ കേന്ദ്രവ്യവസായ വകുപ്പുമന്ത്രിയായിരുന്നു. 1998-ൽ തിരുവനന്തപുരത്തുനിന്നും 1999-ൽ മുകുന്ദപുരത്തുനിന്നും ലോക്സഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. സംസ്ഥാനത്തെ ഏറ്റവും ജനകീയരായ നേതാക്കളിലും ഭരണാധികാരികളിലും ഒരാളായിരുന്നു കരുണാകരൻ. ഒരു പുരുഷായുസ്സ് മുഴുവൻ പ്രസ്ഥാനത്തിനുവേണ്ടി പ്രവർത്തിച്ച രാഷ്ട്രീയശൈലി അദ്ദേഹത്തിനുമാത്രം അവകാശപ്പെട്ടതാണ്. ഭരണാധികാരിയെന്ന നിലയിൽ അദ്ദേഹം കേരളത്തിനും രാജ്യത്തിനും നൽകിയ സേവനങ്ങൾ എക്കാലവും ഓർമ്മിക്കപ്പെടും. ഒരു കാലഘട്ടത്തെ സമഗ്രമായി സ്വാധീനിച്ച അദ്ദേഹത്തിന്റെ ഭൗതികസാന്നിധ്യം ഇല്ലാതായിരിക്കുന്നു. ചടുലവും സജീവവുമായി കേരള രാഷ്ട്രീയത്തിൽ നിറഞ്ഞുനിന്ന കെ.കരുണാകരന്റെ നിര്യാണം രാജ്യത്തിന്റെ വിശിഷ്യാ കേരളത്തിന്റെ എക്കാലത്തെയും നഷ്ടമാണ്.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : കേരളം ഇൻഡ്യയ്ക്ക് സംഭാവന നൽകിയിട്ടുള്ള ദേശീയ നേതാക്കളിൽ ഒരാളെയാണ് കെ. കരുണാകരന്റെ ദേഹവിയോഗത്തിലൂടെ നഷ്ടപ്പെട്ടിട്ടുള്ളത്. ബഹുമാനപ്പെട്ട സ്പീക്കർ പ്രകടിപ്പിച്ച എല്ലാ വികാരങ്ങളോടും ഞാനും പങ്കുചേരുകയാണ്. കേരള രാഷ്ട്രീയത്തിൽ അദ്ദേഹം നൽകിയിട്ടുള്ള സംഭാവന എന്നും വിലമതിക്കുന്നതാണ്. തൊഴിലാളികളെ സംഘടിപ്പിക്കുന്നതിൽ പ്രത്യേക ശ്രദ്ധ ചെലുത്തുകയും ഐ.എൻ.ടി.യു.സി.-

യുടെ പ്രധാന സംഘാടകനാവുകയും പിന്നീട് രാഷ്ട്രീയ നേതൃത്വത്തി ലേയ്ക്ക് ഉയർന്ന് കോൺഗ്രസ്സിന്റെ ഉന്നതപദവികളിൽ എത്തുകയും ചെയ്ത അദ്ദേഹത്തിന് പാർലമെന്ററി പ്രവർത്തനരംഗത്ത് ശ്രദ്ധേയമായ സംഭാവന നൽകാൻ സാധിച്ചിട്ടുണ്ട്. കേരളത്തിൽ ദീർഘകാലം ആഭ്യന്തരവകുപ്പു മന്ത്രിയും മുഖ്യമന്ത്രിയുമായിരുന്ന നേതാവാണ് കെ. കരുണാകരൻ. കടുത്ത മാർക്സിസ്റ്റ് വിരോധ നിലപാട് സ്വീകരിച്ചുകൊണ്ട് കേരള രാഷ്ട്രീയത്തിൽ പ്രവർത്തിച്ച നേതാവായിരുന്നുവെങ്കിലും വ്യക്തിപരമായ ബന്ധങ്ങൾ സ്ഥാപി ക്കുന്നതിലും എതിർചേരിയിലുള്ളവരെ ആരാധകരാക്കി മാറ്റുന്നതിലുമുള്ള അനിതരസാധാരണമായ കഴിവ് അദ്ദേഹത്തിന് മാത്രം അവകാശപ്പെട്ടതാണ്. കടുത്ത ശത്രുതാനിലപാട് സ്വീകരിച്ചവരെ കൂടെനിർത്താനും മുന്നണിയിൽ കൊണ്ടുവരാനും പ്രകടിപ്പിച്ചിട്ടുള്ള നേതൃപാടവവും വിട്ടുവീഴ്ചാമനോ ഭാവവും പ്രത്യേകമായി വിലയിരുത്തേണ്ടതാണ്. കേരള രാഷ്ട്രീയത്തിൽ തകർന്നുകിടന്ന കോൺഗ്രസ്സിനെ പുനരുജ്ജീവിപ്പിക്കാൻ അദ്ദേഹം പ്രകടിപ്പി ച്ചിട്ടുള്ള നേതൃപാടവവും സംഘടനാശൈലിയും രാഷ്ട്രീയവിദ്യാർത്ഥികൾ പ്രത്യേകമായി വിലയിരുത്തേണ്ടതാണ്. കേരളത്തെ ഒരു വികസിത സംസ്ഥാ നമായി മാറ്റാൻ ശ്രമിക്കുകയും ധാരാളം വികസനപദ്ധതികൾക്ക് നേതൃത്വം കൊടുക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെ പ്രധാനപ്പെട്ട ദേശീയ നേതാക്ക ളിൽ ഒരാളായ കെ. കരുണാകരന്റെ വിയോഗത്തിൽ അനുശോചനം രേഖപ്പെ ടുത്തുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻചാണ്ടി): ഇവിടെ പ്രകടിപ്പിച്ച വികാര ങ്ങളോട് പൂർണ്ണമായും യോജിക്കുന്നു. അറുപത് വർഷത്തിലേറെക്കാലം കേരള രാഷ്ട്രീയത്തിൽ ജ്വലിച്ചുനിന്ന കെ. കരുണാകരന്റെ നിര്യാണത്തോടെ ഒരു യുഗത്തിന്റെ അന്ത്യമാണ് സംഭവിച്ചിരിക്കുന്നത്. നേതാക്കൾ പലരുമു

ണ്ടെങ്കിലും ലീഡർ പദവി അദ്ദേഹത്തിന് മാത്രമായിട്ടുള്ളതാണ്. ശത്രുക്കളും മിത്രങ്ങളും ഒരുപോലെ സ്നേഹിച്ച് ആദരിച്ച ഒരു നേതാവായിരുന്ന അദ്ദേഹ ത്തിന്റെ പ്രായോഗികരംഗത്തെ വൈദഗ്ദ്ധ്യവും പ്രതിസന്ധികളിൽ തളരാതെ പ്രവർത്തിക്കാനുള്ള തന്റേടവും രാഷ്ട്രീയരംഗത്തായാലും ഭരണരംഗത്താ യാലും വ്യക്തമായി കാണാൻ സാധിക്കും. അദ്ദേഹം പ്രായോഗിക രാഷ്ട്രീയ ത്തിന്റെ വിജയിയായിരുന്നു. 1969-ൽ ഒമ്പതംഗ കോൺഗ്രസ്സ് നിയമസഭാ കക്ഷിയുടെ നേതാവായതിനുശേഷം 40 വർഷക്കാലം കരുണാകരനാകുന്ന അച്ചുതണ്ടിനെ ചുറ്റിപ്പറ്റിയാണ് കേരള രാഷ്ട്രീയം മുന്നോട്ടുനീങ്ങിയത്. കേരളത്തെ നക്സൽ ഭീഷണിയിൽ നിന്ന് രക്ഷിച്ചു എന്നുള്ളതാണ് അദ്ദേഹ ത്തിന്റെ ഭരണരംഗത്തെ ഏറ്റവും വലിയ നേട്ടം. നെടുമ്പാശ്ശേരി എയർപോർട്ട്, ഗോശ്രീ പദ്ധതി, കലൂർ ജവഹർലാൽ നെഹ്റു അന്താരാഷ്ട്രസ്റ്റേഡിയം തുടങ്ങി നിരവധി പദ്ധതികൾ വികസനരംഗത്തെ അദ്ദേഹത്തിന്റെ പ്രായോഗി കമായിട്ടുള്ള സമീപനംകൊണ്ടുണ്ടായിട്ടുള്ളതാണ്. സംസ്ഥാനത്ത് നാലുപ്രാവശ്യം മുഖ്യമന്ത്രിയായി എല്ലാ രംഗങ്ങളിലും സേവിച്ച അദ്ദേഹ ത്തിന് ഏറ്റവും നല്ല ഒരു വിടവാങ്ങലാണ് കേരളം നൽകിയത്. സംസ്ഥാന ഗവൺമെന്റ് ആ കാര്യത്തിൽ ചെയ്ത എല്ലാ കാര്യങ്ങൾക്കും കോൺഗ്രസ്സ് പാർട്ടിക്ക് വേണ്ടി നന്ദിപറയുന്നു. പ്രധാനമന്ത്രിയുടേയും കോൺഗ്രസ്സ് അദ്ധ്യ ക്ഷയുടേയും സാന്നിദ്ധ്യം ദേശീയതലത്തിൽ അദ്ദേഹത്തിന് ഏറ്റവും മികച്ച ആദരാഞ്ജലി നൽകുന്നതിന് സഹായിച്ചു. ഇതിനേക്കാളൊക്കെ വലിയ കാര്യം ഒരു രാത്രി മുഴുവൻ കാത്തിരുന്ന് ജനലക്ഷങ്ങൾ നൽകിയ ആദരാ ഞ്ജലിയാണ്. ഗാന്ധിയൻ തത്വങ്ങളിൽ അടിയുറച്ച് പ്രവർത്തിച്ച സ്വാതന്ത്ര്യ സമരസേനാനിയുടെ തീരാനഷ്ടം നികത്താൻ നമുക്ക് ഇനി സാധിക്കുമെന്ന്

തോന്നുന്നില്ല. അദ്ദേഹം ബാക്കിവച്ചിട്ടുള്ള ആത്മവിശ്വാസം പകരുന്ന പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാൻ നമുക്ക് ശക്തി നൽകട്ടെ എന്ന് ആശിക്കാം. ആ സ്മരണയ്ക്കുമുമ്പിൽ ആദരാജ്ഞലികൾ അർപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. വി. എസ്.അച്ചുതാനന്ദൻ): കെ. കരുണാകരന്റെ വിയോഗം ഏറ്റവും വലിയ നഷ്ടമാണ് സംസ്ഥാനത്തിനുണ്ടാക്കിയിട്ടുള്ളത്. മികച്ച ഭരണാധികാരിയായ അദ്ദേഹത്തിന്റെ സേവനവും വികസനരംഗത്തെ പ്രവർത്തനങ്ങളും കോൺഗ്രസ് പാർട്ടി കെട്ടിപ്പടുക്കുന്നതിൽ അദ്ദേഹം നൽകിയ സംഭാവനയും എടുത്തുപറയത്തക്കതാണ്. രാഷ്ട്രീയ നയസംരക്ഷണത്തിനും തന്ത്രപ്രധാന രീതിയിൽ സമർത്ഥമായി കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിലും അദ്ദേഹം ഗണനീയമായ പങ്കാണ് വഹിച്ചിട്ടുള്ളത്. ഒരിക്കലും മറക്കാൻ കഴിയാത്ത വിധത്തിൽ ജനങ്ങളെ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്തിരുന്ന നേതാവായിരുന്ന അദ്ദേഹത്തിന്റെ വിയോഗത്തിൽ കുടുംബാംഗങ്ങളുടേയും സഹപ്രവർത്തകരുടേയും ദു:ഖത്തിൽ ഭാഗഭാക്കാകുകയും അനുശോചനം രേഖപ്പെടുത്തുകയും ചെയ്യുന്നു.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): സഭയിൽ പ്രകടിപ്പിച്ച വികാരങ്ങളോട് പൂർണ്ണമായി യോജിക്കുന്നു. വലിയ മനസ്സിന്റെ ഉടമയും രാഷ്ട്രീയ വ്യത്യാസമില്ലാതെയും പക്ഷപാതമില്ലാതെയും ജനങ്ങൾക്ക് സഹായം നൽകിയ അപൂർവ്വം രാഷ്ട്രീയ നേതാക്കളിൽ ഒരാളുമായിരുന്നു അദ്ദേഹം. പ്രക്ഷുബ്ധമായ രാഷ്ട്രീയരംഗങ്ങളിൽ ധീരമായി ഇടപെട്ട് സംസ്ഥാനത്തെ കൈപിടിച്ചുയർത്തിയ വ്യക്തിത്വമാണ്. രാഷ്ട്രീയരംഗത്തെ ചെറുതും വലുതുമായ പ്രശ്നങ്ങളിൽ യോജിച്ചുകൊണ്ടുള്ള ജനകീയ മുന്നേറ്റമാണ്

അദ്ദേഹം നടത്തിയത്. ഒരു ഭരണാധികാരിയെന്നതിൽ കവിഞ്ഞ് ജനങ്ങളുടെ ശക്തനായ നേതാവ് കൂടിയായിരുന്നു. രാഷ്ട്രീയ വിലക്കുകളൊന്നും അദ്ദേഹത്തിന് ബാധകമായിരുന്നില്ല. അധികാരങ്ങളൊന്നും ഇല്ലാതിരുന്നിട്ടും ഇന്നോളം കണ്ടിട്ടില്ലാത്ത പ്രൗഢമായ ഒരു അന്ത്യയാത്രയാണ് കേരളസമൂഹം അദ്ദേഹത്തിന് നൽകിയത്. അദ്ദേഹത്തിന്റെ വിയോഗത്തിൽ കുടുംബാംഗങ്ങൾക്കുള്ള ദു:ഖത്തിൽ പങ്കുചേരുന്നു.

ശ്രീ. കെ. എം. മാണി: പതിറ്റാണ്ടുകൾ കേരള നിയമസഭയെ കോരിത്തരിപ്പിക്കുകയും പിടിച്ചടക്കുകയും ചെയ്ത കെ. കരുണാകരന്റെ ശബ്ദം നിലച്ചു. കരുണാകര യുഗത്തിന് തിരശ്ശീല വീഴ്ത്തിക്കൊണ്ട് അദ്ദേഹം യാത്രപറഞ്ഞിരിക്കുന്നു. അദ്ദേഹത്തിന്റെ സ്മരണയ്ക്ക് മുന്നിൽ ഞാനും എന്റെ പാർട്ടിയും ആദരാഞ്ജലികൾ അർപ്പിക്കുകയും അനുശോചനം രേഖപ്പെടുത്തുകയും ചെയ്യുന്നു. നാല് പതിറ്റാണ്ടുകാലത്തെ ആത്മബന്ധമാണ് ഞാനും കരുണാകരനുമായിട്ടുള്ളത്. കരുണാകരൻ മുഖ്യമന്ത്രിയായിരുന്ന നാല് ക്യാബിനറ്റുകളിലും മന്ത്രിയായിരുന്നപ്പോഴും അദ്ദേഹത്തോടൊപ്പം പ്രതിപക്ഷത്തിരുന്നപ്പോഴും ആ രാഷ്ട്രീയ കൗശലതയും തന്ത്രജ്ഞതയും നേരിട്ട് മനസ്സിലാക്കാൻ എനിക്ക് സാധിച്ചിട്ടുണ്ട്. കോൺഗ്രസ് പാർട്ടിയേയും ഐക്യ ജനാധിപത്യ മുന്നണിയേയും അധികാരത്തിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരാൻ വലിയ യജ്ഞമാണ് അദ്ദേഹം നടത്തിയത്. കേരളത്തിലെ ഐക്യജനാധിപത്യ മുന്നണി പ്രസ്ഥാനത്തിന്റെ ശില്പിയായിരുന്നു കെ. കരുണാകരൻ. കാര്യങ്ങൾ പെട്ടെന്ന് അപഗ്രഥിക്കാൻ അസാമാന്യ കോമൺസെൻസും പ്രായോഗിക വിജ്ഞാനവും നേടിയിട്ടുള്ള ഒരാളായിരുന്നു അദ്ദേഹം. കേരള രാഷ്ട്രീയത്തിൽ ആർക്കും തോൽപ്പിക്കാൻ കഴിയാത്ത, ഏത് സാഹചര്യത്തേയും ശുഭാപ്തി വിശ്വാസത്തോടുകൂടി

അക്ഷോഭ്യനായി നേരിടാൻ കഴിയുന്ന, ചെറുപുഞ്ചിരിയോടുകൂടി ആരെയും കീഴ്പ്പെടുത്തുന്ന മഹനീയ വ്യക്തിത്വത്തിന് ഉടമയായിരുന്നു അദ്ദേഹം. ഇന്ദിരാഗാന്ധിയുടേയും രാജീവ് ഗാന്ധിയുടേയും കാലഘട്ടത്തിൽ ഇൻഡ്യൻ രാഷ്ട്രീയത്തിൽ അദ്ദേഹത്തെ രണ്ടാമതായി പരിഗണിച്ചിരുന്നു. അടിയുറച്ച ഈശ്വര വിശ്വാസവും ശുഭാപ്തി വിശ്വാസവും ധാർമ്മികതയും നിറഞ്ഞ വ്യക്തിത്വമാണ് അദ്ദേഹത്തെ കേരള രാഷ്ട്രീയത്തിൽ നിലനിർത്തിയത്. അദ്ദേഹത്തിന്റെ സ്മരണയ്ക്കു മുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): സഭയിൽ ഉയർന്നുവന്ന വികാരത്തോട് പൂർണ്ണമായി യോജിക്കുകയാണ്. പുതിയ തലമുറയിൽപ്പെട്ട ജനപ്രതിനിധികൾക്ക് കെ.കരുണാകരന്റെ വ്യക്തിത്വത്തിൽ നിന്നും ഉൾക്കൊള്ളാൻ ധാരാളം പാഠങ്ങൾ ഉണ്ട്. വിവാദങ്ങളിൽപ്പെട്ട് പലപ്പോഴും ഭരണത്തിൽ നിന്നും പുറത്തുപോകേണ്ട അവസ്ഥയുണ്ടായി ട്ടുണ്ടെങ്കിലും ഭരണകൂടത്തിനെതിരായും വ്യക്തിപരമായും ഉണ്ടാകുന്ന പ്രക്ഷോഭങ്ങളും സമരങ്ങളും വിവാദങ്ങളും നേരിടാൻ അനിതരസാധാരണ മായ കഴിവും ഇച്ഛാശക്തിയും ആത്മവിശ്വാസവും ഉണ്ടായിരുന്ന വ്യക്തിത്വ മായിരുന്നു അദ്ദേഹത്തിന്റേത്. അസാമാന്യമായ മികവിന്റേയും കഴിവിന്റേയും പ്രതീകമായിരുന്ന അദ്ദേഹം വികസന പ്രവർത്തനങ്ങളിൽ ഇച്ഛാശക്തിയോടു കൂടി തീരുമാനങ്ങളെടുത്ത് നടപ്പിലാക്കുമായിരുന്നു. കനത്ത മാധ്യമ വിമർശ നങ്ങൾ ഏറ്റുവാങ്ങുമ്പോഴും മാധ്യമങ്ങളുമായി സൗഹൃദം പുലർത്തിയിരുന്നു. സർവ്വ സമുദായങ്ങളിൽപ്പെട്ട ജനങ്ങളുടേയും പിന്തുണ അദ്ദേഹത്തിന്റെ ഏഴ് പതിറ്റാണ്ടുകാലത്തെ പ്രവർത്തനത്തിനുപകരിച്ചുവെന്നുള്ളത് വർത്തമാന കാല രാഷ്ട്രീയ നേതൃത്വത്തിന് മാതൃകയാക്കാവുന്ന അനുഭവങ്ങളാണ്. കേരള രാഷ്ട്രീയത്തിൽ വിലപ്പെട്ട സംഭാവനകൾ നൽകി കേരളത്തിൽ

പുതിയ വീക്ഷണവും ഭരണ-സാമൂഹിക-പൊതുപ്രവർത്തന രംഗത്ത് ഉജ്ജ്വല മായ നേതൃതവും നൽകാൻ കഴിഞ്ഞ നേതാവിന്റെ വേർപാട് രാജ്യത്താക മാനം തീരാനഷ്ടമാണ് ഉണ്ടാക്കിയിട്ടുള്ളത്. അധികാരസ്ഥാനങ്ങളൊന്നും ഇല്ലാതിരുന്നിട്ടും കേരളത്തിലെ ജനങ്ങൾ കക്ഷിരാഷ്ട്രീയത്തിനതീതമായ വിടവാങ്ങലാണ് അദ്ദേഹത്തിന് നൽകിയത്. അദ്ദേഹത്തിന്റെ വേർപാടിൽ ഞാനും എന്റെ പ്രസ്ഥാനവും അനുശോചനം രേഖപ്പെടുത്തുന്നു.

ശ്രീ. സി.ടി. അഹമ്മദ് അലി: ഇവിടെ പ്രകടിപ്പിച്ച അഭിപ്രായങ്ങളോട് പൂർണ്ണമായി യോജിക്കുകയാണ്. ഏഴു പതിറ്റാണ്ടുകാലം കേരള രാഷ്ട്രീയ ത്തിൽ നിറഞ്ഞു നിന്ന അദ്ദേഹത്തിന് കേരളജനത ഒന്നടങ്കമാണ് അന്ത്യോപ ചാരം അർപ്പിച്ചത്. കേരളത്തിന്റെ വികസനപ്രവർത്തനങ്ങളിൽ പ്രത്യേക താൽപര്യമെടുത്ത നേതാവായിരുന്നു അദ്ദേഹം. നെടുമ്പാശ്ശേരി വിമാനത്താ വളം, കാസർഗോഡ്, പത്തനംതിട്ട ജില്ലകൾ അനുവദിച്ചതുൾപ്പെടെ നിരവധി വികസന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. മാള നിയോജകമണ്ഡലത്തിൽ നിന്നും നിരവധി തവണ തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം വിവിധ തലത്തിലുള്ള ജനപ്രതിനിധിയായും മുഖ്യമന്ത്രിയായും കേന്ദ്രമന്ത്രിയായും മികവുറ്റ ഭരണം കാഴ്ച വച്ചിട്ടുണ്ട്. രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടി ജയിൽ വാസവുമനുഭവിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ മന്ത്രിസഭയിൽ അംഗമാകാനും പഞ്ചായത്ത്രാജ് നഗരപാലിക ബിൽ നിയമസഭയിൽ പാസ്സാക്കാനും കഴിഞ്ഞു. കേരള രാഷ്ട്രീയത്തിൽ അനിശ്ചിതത്വം നിറഞ്ഞുനിന്ന കാലഘട്ട ത്തിൽ മുന്നണി രാഷ്ട്രീയത്തിന് നേതൃത്വം കൊടുത്തുകൊണ്ട് സ്ഥിരതയുള്ള സർക്കാർ രൂപീകരിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിനും സംസ്ഥാന-ദേശീയ രാഷ്ട്രീയത്തിനും കുടുംബത്തിനും

തീരാനഷ്ടമായ അദ്ദേഹത്തിന്റെ വേർപാടിൽ ഞാനും എന്റെ പാർട്ടിയും അനുശോചനം രേഖപ്പെടുത്തുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ജോസ് തെറ്റയിൽ): ഇവിടെ പ്രകടിപ്പിച്ച അഭിപ്രായത്തോട് യോജിക്കുകയാണ്. മുൻ മുഖ്യമന്ത്രി മാത്രമല്ല, കേരളത്തിന്റെ ലീഡർ കൂടിയായിരുന്നു കെ. കരുണാകരൻ. ചിത്രകാരനായി ആരംഭിച്ച ജീവിതം അവസാനിച്ചപ്പോൾ ചരിത്രത്തിന്റെ ഭാഗമായി മാറി. ഭരണാധികാരി, രാഷ്ട്രീയ തന്ത്രജ്ഞൻ, പ്രായോഗിക രാഷ്ട്രീയത്തിന്റെ പ്രയോക്താവ്, മുന്നണി രാഷ്ട്രീയ രസതന്ത്രത്തിന്റെ മർമ്മമറിഞ്ഞ തന്ത്രശാലി എന്നിങ്ങനെ നിരവധി വിശേഷണങ്ങൾ അദ്ദേഹത്തിനുണ്ട്. വികസനപ്രവർത്തനങ്ങളെക്കുറിച്ച് യുക്തമായ കാഴ്ചപ്പാടാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. മാധ്യമങ്ങളെ നേരിടുമ്പോഴുള്ള അദ്ദേഹത്തിന്റെ ചടുലമായ മറുപടിയും ചിരിയുടെ പ്രത്യേകതയും ദ്വയാർത്ഥ പ്രയോഗങ്ങളും എല്ലാം എടുത്തുപറയേണ്ട സവിശേഷതകളാണ്. അദ്ദേഹത്തിന്റെ ദേഹവിയോഗത്തിൽ അനുശോചനം അറിയിക്കുകയും ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്യുന്നു.

ശ്രീ. എ. കെ. ശശീന്ദ്രൻ: കഴിഞ്ഞ ഏഴു പതിറ്റാണ്ടുകാലം കേരള രാഷ്ട്രീയത്തിൽ നിറഞ്ഞുനിന്ന വ്യക്തിയായിരുന്നു കെ. കരുണാകരൻ. അദ്ദേഹത്തെക്കുറിച്ച് അങ്ങും മുഖ്യമന്ത്രിയും വിവിധ കക്ഷിനേതാക്കളും പ്രകടിപ്പിച്ച അഭിപ്രായത്തിൽ പങ്കുചേരുന്നു. കോൺഗ്രസ്സ് കമ്മ്യൂണിസ്റ്റ് വിരോധം കത്തിനിന്നിരുന്ന കാലഘട്ടത്തിലാണ് സി.പി.ഐ.-യുടെ നേതൃത്വത്തിലുള്ള ഗവൺമെന്റിനെ അധികാരത്തിൽ എത്തിക്കാനുള്ള ചടുലമായ തന്ത്രജ്ഞത അദ്ദേഹം കാണിച്ചത്. പിന്നീട് കമ്മ്യൂണിസ്റ്റുപാർട്ടികളില്ലാത്ത ഐക്യമുന്നണിക്ക് രൂപം നൽകാൻ സാധിച്ചു.

1970-ന്റെ മധ്യത്തിൽ ദേശീയരാഷ്ട്രീയത്തിൽ ഇന്ദിരാഗാന്ധി സ്വീകരിച്ച രാഷ്ട്രീയ സമീപനങ്ങളുടെ നേരവകാശിയായി പ്രവർത്തിക്കാനും കോൺഗ്രസ്സുകാരുടേയും ജനങ്ങളുടേയും പ്രിയപ്പെട്ട ലീഡറാകാനും സാധിച്ചു. അദ്ദേഹം തികഞ്ഞ ഈശ്വരവിശ്വാസി ആയിരുന്നു. വികസന രാഷ്ട്രീയമാണ് പ്രധാനമെന്ന സന്ദേശം നൽകിയത് അദ്ദേഹമാണ്. സമന്വയത്തിന്റെ ഭാഷ എന്താണെന്നും ജനമനസ്സുകളിൽ അദ്ദേഹത്തിന്റെ സ്ഥാനമെന്തായിരുന്നെന്നും കേരളം കണ്ടതാണ്. ഭരണാധികാരി, പാർലമെന്റേറിയൻ, കേന്ദ്രമന്ത്രി എന്നീ നിലകളിലും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. അസാമാന്യമായ ധീരതയോടെയും സ്നേഹവായ്പോടെയും കേരളീയരെ സേവിച്ച ഉന്നതനേതാവിന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുകയും ആ സ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്യുന്നു.

തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. വി.സുരേന്ദ്രൻപിള്ള):</u> ഇവിടെ പ്രകടിപ്പിച്ച അഭിപ്രായത്തിൽ പങ്കുചേരുകയാണ്. പൊതുപ്രവർത്തനരംഗത്തും ഭരണരംഗത്തും ധാരാളം മാതൃകകൾ സൃഷ്ടിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. ഒരു ചരിത്രവിദ്യാർത്ഥി കേരളത്തിന്റെ രാഷ്ട്രീയ ചരിത്രം പഠിക്കുമ്പോൾ കെ.കരുണാകരന്റെ പ്രവർത്തനങ്ങളെക്കുറിച്ച് പഠിക്കേണ്ടിയിരിക്കുന്നു. ഏഴു പതിറ്റാണ്ടുകാലത്തെ അദ്ദേഹത്തിന്റെ രാഷ്ട്രീയ ജീവിതം കേരളത്തിന്റെ ഭരണ-വികസന രംഗവുമായി ബന്ധപ്പെട്ടുകിടക്കുകയാണ്. അദ്ദേഹവുമായി ഏറ്റവും അടുത്ത് ഇടപഴകാനും നല്ല വ്യക്തിബന്ധം കാത്തുസൂക്ഷിക്കാനും സാധിച്ചിട്ടുണ്ട്. ജന മനസ്സിൽ അദ്ദേഹത്തിനുണ്ടായിരുന്ന അംഗീകാരം എത്രവലുതായിരുന്നു

വെന്ന് അന്ത്യയാത്രയിൽനിന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന് ആദരാഞ്ജലികൾ അർപ്പിക്കുകയും കുടുംബാംഗങ്ങൾക്കുണ്ടായ നഷ്ട ത്തിൽ പങ്കുചേരുകയും ചെയ്യുന്നു.

ശ്രീ. കെ. ബി. ഗണേഷ് കുമാർ : ഇവിടെ രേഖപ്പെടുത്തിയ അഭിപ്രായ ങ്ങളോട് യോജിക്കുകയാണ്. പുതിയ തലമുറയിലെ പൊതുപ്രവർത്തകർക്ക് രാഷ്ട്രീയത്തിലേയ്ക്ക് കടന്നുവരാൻ ഉപദേശങ്ങൾ നൽകിയ ലീഡറുടെ വേർപാടിൽ അതിയായ ദു:ഖമുണ്ട്. ഐ.എൻ.ടി.യു.സി. എന്ന തൊഴിലാളി പ്രസ്ഥാനത്തെ സംഘടിപ്പിച്ചുകൊണ്ട് രാഷ്ട്രീയജീവിതം ആരംഭിച്ച അദ്ദേഹം സാന്നിദ്ധ്യംകൊണ്ടും പ്രവർത്തനംകൊണ്ടും എല്ലാവരാലും ഇഷ്ടപ്പെടുന്ന വ്യക്തിയായിരുന്നു. കേരള വികസനത്തിൽ അദ്ദേഹം വഹിച്ച പങ്ക് അതുല്യ മാണ്. ദൈവവിശ്വാസിയായിരുന്നെങ്കിലും സെക്കുലറിസം നിലനിറുത്താൻ ശ്രമിച്ചിരുന്നു. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ, ആദിവാസികൾ തുടങ്ങിയവരെ സമൂഹത്തിന്റെ മുൻനിരയിലേയ്ക്ക് കൊണ്ടുവരാൻ അദ്ദേഹം വഹിച്ച പങ്ക് വളരെ പ്രധാനപ്പെട്ടതാണ്. അദ്ദേഹത്തിന്റെ ദേഹവിയോ ഗത്തിൽ കുടുംബത്തിനുണ്ടായ ദു:ഖത്തിൽ പങ്കുചേരുകയും ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്യുന്നു.

ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): വിവിധ ഭരണ-രാഷ്ട്രീയരംഗങ്ങളിൽ സുപ്രധാന നേതൃത്വം അലങ്കരിച്ചിട്ടുള്ള വ്യക്തിയാണ് കെ. കരുണാകരൻ. ലീഡർ എന്ന നാമധേയം പൂർണ്ണമായും അന്വർത്ഥമാക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ ജീവിതം. ജാതിമത ചിന്തകൾ അദ്ദേഹത്തിന്റെ മനസ്സിനെ ഒരിക്കലും സ്വാധീനിച്ചിട്ടില്ല. മതനിരപേക്ഷതയും സാമുദായിക സൗഹാർദ്ദവും കാത്തുസൂക്ഷിക്കുന്നതിന് കെ. കരുണാകരന് സാധിച്ചിട്ടുണ്ട്. രാഷ്ട്രീയത്തിൽ സ്നേഹത്തിന്

സ്വാധീനമുണ്ട് എന്ന് തെളിയിച്ചിട്ടുള്ള ഒരു നേതാവ് കൂടിയാണ് കെ. കരുണാകരൻ. ആ സ്മരണയ്ക്കുമുന്നിൽ സ്നേഹനിർഭരമായ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ശ്രീ. കെ.കെ. ഷാജു: ഇവിടെ പ്രകടിപ്പിച്ച അഭിപ്രായങ്ങളിൽ പങ്കു ചേരുന്നു. കേരളത്തിന്റെ വികസനത്തിൽ മുഖ്യ ആസുത്രകനായിരുന്നു അദ്ദേ ഹം. പട്ടികജാതി-പട്ടികവർഗ്ഗക്കാരോടും ദുർബല ജനവിഭാഗങ്ങളോടും ന്യൂന പക്ഷങ്ങളോടും കരുണ കാട്ടിയ എക്കാലത്തേയും മികച്ച രാഷ്ട്രീയ നേതാവായിരുന്നു ലീഡർ കെ. കരുണാകരൻ. നൂറനാട് ലെപ്രസി സാനിറ്റോ റിയത്തിൽ ആധുനിക രീതിയിലുള്ള ഒരു സിനിമാ തീയേറ്റർ അന്തേവാസി കൾക്കായി സമ്മാനിച്ചത് പാവങ്ങളോടുള്ള അദ്ദേഹത്തിന്റെ പ്രതിബദ്ധത എടുത്തുകാണിക്കുന്നതാണ്. നവകേരളത്തിന്റെ ശിൽപ്പി എന്നറിയപ്പെടുന്ന ലീഡറുടെ ദേഹവിയോഗത്തിൽ ദുഖിതരായിരിക്കുന്ന കേരള ജനതയുടേയും കോൺഗ്രസ് പ്രസ്ഥാനത്തിന്റേയും അദ്ദേഹത്തിന്റെ കുടുംബത്തിന്റേയും ദു:ഖത്തിൽ പങ്കുചേരുന്നു.

ശ്രീ. എം.കെ. പ്രേംനാഥ്: കോൺഗ്രസ് പ്രസ്ഥാനം കെട്ടിപ്പടുക്കുന്ന തിലും കേരളത്തിന്റെ വികസനത്തിലും കെ. കരുണാകരൻ വഹിച്ചിട്ടുള്ള പങ്ക് അതുല്യമാണ്. അദ്ദേഹത്തിന്റെ തളരാത്ത പ്രവർത്തനത്തിന്റെ ഫലമായിട്ടാണ് കേരള രാഷ്ട്രീയത്തിൽ ഒരു സാധാരണ പ്രവർത്തകനായി കടന്നുവന്ന് സംസ്ഥാനത്തെ മുഖ്യമന്ത്രി, കേന്ദ്രമന്ത്രി എന്നീ തലങ്ങളിൽ വളർന്നുവരാനും ലീഡറാകാനും കഴിഞ്ഞത്. അദ്ദേഹത്തിന്റെ ഓർമ്മയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ശ്രീ. പി.എം.എ. സലാം: കെ. കരുണാകരനെക്കുറിച്ചുള്ള കേരള ത്തിന്റെ മൊത്തം വികാരമാണ് ഇതുവരെ സഭയിൽ പ്രകടമായത്.

ജനഹൃദയങ്ങളിൽ കരുണാകരന്റെ സ്വാധീനം എത്രമാത്രം ആഴ്ന്നിറങ്ങിയിരുന്നു എന്നത് കേരളം ഇപ്പോഴാണ് പൂർണ്ണാർത്ഥത്തിൽ മനസ്സിലാക്കുന്നത്. ഒരു പാർട്ടി ഭാരവാഹി എന്ന നിലയിൽ നിന്ന് ദേശീയ രാഷ്ട്രീയത്തിൽ പ്രധാനമന്ത്രിമാരെവരെ നിശ്ചയിക്കാനുള്ള പ്രഥമ സ്ഥാനീയനായി വളരാൻ സാധിച്ചത് അദ്ദേഹത്തിന്റെ നേതൃപാടവം കൊണ്ടുമാത്രമായിരുന്നു. കേരളത്തിന്റെ വികസനത്തെക്കുറിച്ച് അദ്ദേഹത്തിന് പ്രത്യേകമായ കാഴ്ചപ്പാടുണ്ടായിരുന്നു. ഏറ്റവും കൂടുതൽ തവണ കേരളത്തിലെ മുഖ്യമന്ത്രിയായത് അദ്ദേഹമാണ്. കൊച്ചിയിലും തിരു-കൊച്ചിയിലും, കേരള നിയമസഭയിലും പാർലമെന്റിന്റെ ഇരുസഭകളിലും അംഗമായ ഏക കേരളീയൻ കരുണാകരൻ തന്നെയാണ്. ഇൻഡ്യൻ ഓയിൽ കോർപ്പറേഷന്റെ കേരളത്തിലെ ആദ്യത്തെ പാചകവാതക ബോട്ട്ലിംഗ് പ്ലാന്റ് അദ്ദേഹം മുഖ്യമന്ത്രിയായിരിക്കുമ്പോഴാണ് മലപ്പുറം ജില്ലയിൽ അനുവദിച്ചത്. കേരളരാഷ്ടീയത്തിന് ഒരു പുതിയ മുഖം നൽകാനും കക്ഷിരാഷ്ട്രീയ ജാതിമതവ്യത്യാസമില്ലാതെ എല്ലാവരുടേയും ലീഡറായി മാറാനും കഴിഞ്ഞ കെ.കരുണാകരന്റെ ദീപ്തമായ ഓർമ്മയ്ക്കുമുന്നിൽ ഞാനും എന്റെ പാർട്ടിയും ആദരാഞ്ജലികൾ അർപ്പിക്കുന്നു.

<u>ശ്രീ. എ.കെ. ചന്ദ്രൻ:</u> ഇവിടെ പ്രകടിപ്പിച്ച എല്ലാ അഭിപ്രായങ്ങളോടും യോജിക്കുകയാണ്. മാള നിയോജകമണ്ഡലം രൂപം കൊണ്ടതുമുതൽ ലോക്സഭയിലേയ്ക്ക് മൽസരിക്കുന്നതുവരെ മാള നിയോജകമണ്ഡലത്തിൽ കരുണാകരനെ തോൽപ്പിക്കാൻ ആർക്കും കഴിഞ്ഞിട്ടില്ല. അത് അദ്ദേഹവും മാളയിലെ ജനങ്ങളും തമ്മിലുള്ള ബന്ധത്തിന്റെ ഫലമായിരുന്നു. മാളയിൽ നിരവധി വികസനപ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ കഴിഞ്ഞത് അദ്ദേഹത്തിന്റെ കാലഘട്ടത്തിലാണ് അദ്ദേഹത്തിന്റെ സ്മരണയ്ക്കുമുന്നിൽ

മാളയിലെ മുഴുവൻ ജനങ്ങൾക്കുവേണ്ടിയും ആദരാഞ്ജലികൾ അർപ്പിക്കുന്നു.

(പരേതനോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.)

സഭ രാവിലെ 10.10-ന് പിരിഞ്ഞു.